#IIMKinMedia

Date: September 08, 2026

Newspaper: Mangalam

# ഫിനാൻഷ്യൽ ടൈംസ് മാസ്റ്റേഴ്സ് ഇൻ മാനേജ്മെന്റ് റാങ്കിങ്ങിൽ ഐ.ഐ.എം. കോഴിക്കോടിന് 54-ാം സ്ഥാനം

കോഴിക്കോട്: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോടി(ഐ.ഐ.എം.കെ)ന് ഫിനാൻഷ്യൽ ടൈംസ് മാസ്റ്റേഴ്സ് ഇൻ മാനേജ്മെന്റ് റാങ്കിങ്ങിൽ നേട്ടം. ഇത്തവണ ലഭിച്ചത് 54-ാം റാങ്ക്. 2025ൽ ആഗോളതലത്തിൽ 69-ാം സ്ഥാനത്തായിരുന്നു.

ഐ.ഐ.എം.കോഴിക്കോടിന്റെ മുൻനിര പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം ലോകത്തിലെ മികച്ച 55 മാനേജ്മെന്റ് പ്രോഗ്രാമുകളിലും ഇടം നേടി. സുസ്ഥിരത, കരിയർ വികസനം, വൈവിധ്യം, ഉൾപ്പെടുത്തൽ എന്നിവയുൾപ്പെടെ ഭാവിക്ക് അനുയോജ്യമായ മാനേജ്മെന്റ് വിദ്യാഭ്യാസത്തോടുള്ള പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന മാനദണ്ഡങ്ങൾ ഐ.ഐ.എം.കെ.യുടെ ശക്തമായ മുന്നേറ്റവും പുതിയ റാങ്കിങ് എടുത്തുകാണിക്കുന്നു. ഫിനാൻഷ്യൽ ടൈംസ് മാസ്റ്റേഴ്സ് ഇൻ മാനേജ്മെന്റ് റാങ്കിങ്ങിൽ 15 സ്ഥാനങ്ങൾ മുന്നേറി 54-ാം സ്ഥാനത്തെത്തിയത് ഐ.ഐ.എം കോഴിക്കോടിന്റെ ആഗോള യാത്രയിലെ ഒരു സുപ്രധാന ചുവടുവയ്പ്പാണെന്ന് ഐ.ഐ.എം. കോഴിക്കോട് ഡയറക്ടർ പ്രഫ. ദേബാഷിസ് ചാറ്റർജി അറിയിച്ചു.